14

<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 71</u> | <u>02.12. 2015-ൽ മറുപടിക്ക്.</u>

## <u>തൊഴിലാളികൾക്ക് മിനിമം വേതനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, ആർ.സെൽവരാജ്<br>,, എം.പി.വിൻസെന്റ്<br>,, ലൂഡി ലൂയിസ് | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (എ) & (ബി) ഉണ്ട്. വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതനസുരക്ഷാപദ്ധതി (ഇ-പേയ്മെന്റ് ഓഫ് വേജസ്) സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. പദ്ധതി മൂലം തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും, നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈൻ ആയി പരിശോധിക്കുന്നതിനും വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും കഴിയും. |
| (സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958 ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം സർക്കാരിന്റെ 08/07/2015-ലെ സ.ഉ. (അച്ചടി) നം.84/2015/ തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് പ്രസ്തുത പദ്ധതിയ്ക്കായി ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും ആയത് നടപ്പാക്കുന്നതിനായി നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 16 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ